(എ) മാള നിയോജകമണ്ഡലത്തിൽ എത്ര ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ ഉണ്ടെന്ന് അവയുടെ പേരുകൾ സഹിതം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാള നിയോജക മണ്ഡലത്തിൽ ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിച്ച് എത്ര പുതിയ വില്ലേജ് ഓഫീസുകളാണ് അനുവദിച്ചത് ; അവ ഏതെല്ലാം ?

ഉത്തരം

(എ&ബി) 1. തിരുമുക്കുളം - കാക്കുളിശ്ശേരി
2. ആലത്തൂർ - കുരുവിലശ്ശേരി
3. വടമ - വടക്കുംഭാഗം
4. കല്ലേറ്റുംകര - താഴെക്കാട്
5. തെക്കുംകര - കാര്യമാത്ര
6. പൊയ്യ - മാളപള്ളിപ്പുറം - മഠത്തുംപടി
7. അണ്ണല്ലൂർ - പടിഞ്ഞാറേ ചാലക്കുടി

എന്നീ ആറ് ഗ്രൂപ്പ് വില്ലേജ് ഓഫീസുകളും ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽപ്പെട്ട പടിയൂർ വില്ലേജുൾപ്പെട്ട വള്ളിവട്ടം - പടിയൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസുമാണ് മാള നിയോജകമണ്ഡലത്തിലുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവ വിഭജിച്ച് 1) തിരുമുക്കുളം 2) വടക്കുംഭാഗം 3) കുരുവിലശ്ശേരി 4) മാളപ്പള്ളിപ്പുറം 5) മഠത്തുംപടി 6) കാരുമാത്ര 7) പടിയൂർ എന്നീ പുതിയ വില്ലേജ് ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസ് കെട്ടിടങ്ങൾ

142 (864) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾ എത്ര ;

(ബി) ഇവയിൽ കെട്ടിടനിർമ്മാണത്തിന് സ്വന്തംസ്ഥലം ലഭ്യമായിട്ടുള്ള വില്ലേജുകൾ എത്ര ;

(സി) ഈ സ്ഥലങ്ങളിൽ ഓഫീസ് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 71.

(ബി) 37.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ ചെറുകാവ് വില്ലേജാഫീസിന് കെട്ടിടം പണിയാൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകളില്ല, കണ്ണൂർ ജില്ലയിൽ ചേലേരി വില്ലേജാഫീസിന് കെട്ടിടം നിർമ്മിച്ചുവെങ്കിലും സ്ഥലത്തെ സംബന്ധിച്ച് കോടതിയിൽ കേസ് ഉണ്ട്. പത്തനംതിട്ട ജില്ലയിൽ തെള്ളിയൂർ വില്ലേജാഫീസ് കെട്ടിടത്തിന് സ്വന്തമായി സ്ഥലം ഉണ്ട്. കാസർഗോഡ് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾ ഇല്ല. ഇടുക്കി ജില്ലയിലെ കരുണാപുരം വില്ലേജാഫീസ് കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, വടയാർ എന്നീ വില്ലേജാഫീസുകൾക്ക് സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു. എറണാകുളം ജില്ലയിൽ പെരുമ്പാവൂർ, ആലുവാ ഈസ്റ്റ് എന്നീ വില്ലേജാഫീസുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കൊല്ലം ജില്ലയിൽ കുലശേഖരപുരം വില്ലേജാഫീസിന്റെ നിർമ്മാണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 2 വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ ശ്രമം നടക്കുന്നു. കോഴിക്കോട് ജില്ലയിൽ വില്ലേജാഫീസ് കെട്ടിടങ്ങളുടെ പണി പുരോഗമിക്കുന്നു. 4 വില്ലേജാഫീസുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ഒരു വില്ലേജാഫീസ് മാത്രമാണ്. വയനാട് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 2 വില്ലേജാഫീസുകൾ മാത്രമാണ്. തൃശൂർ ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു വില്ലേജാഫീസും ഇല്ല.

കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിലെ വികലാംഗ റിസർവേഷൻ ലിസ്റ്റ്

143 (879) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് മൂന്ന് ശതമാനം റിസർവേഷൻ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ നാളിതുവരെ എത്രപേർക്ക് ഇപ്രകാരം നിയമനം നൽകി ; ആർക്കെല്ലാം ഏതെല്ലാം തസ്തികകളിൽ ;

(ബി) ഈ വർഷം ഇപ്രകാരം എത്രപേർക്ക് നിയമനം നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാമാണ് അർഹരായിട്ടുള്ളത് ;

(ഇ) സലീന. എസ്. തടായിൽ വടക്കുംമുറി, പടയനാർകുളങ്ങര, കരുനാഗപ്പള്ളി, കൊല്ലം എന്നയാൾക്ക് നിയമനം നൽകുന്നതിന് പരിഗണനയിലുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly